# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2654 — 02.04.2013 - ൽ മറുപടിക്ക്

## ബഡ്സ് സ്കൂളുകൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ)

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾ ആരംഭിച്ചിട്ടില്ല. കാസർഗോഡ് ജില്ലയിൽ എൻമകജെ, കാറഡുക്ക, മുളിയാർ, കല്ലാർ, പുല്ലൂർ - പെരിയ, കയ്യൂർ-ചീമേനി എന്നീ ഗ്രാമ പഞ്ചായത്തുകളും നീലേശ്വരം മുനിസിപ്പാലിറ്റിയും നടത്തി വരുന്ന ബഡ്സ് സ്കൂളുകൾക്ക് 15.9.2011-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഒരു വർഷത്തേക്ക് താൽക്കാലിക രജിസ്ട്രേഷൻ നൽകിയിരുന്നു. |
| (ബി) | ഈ ബഡ്സ് സ്കൂളുകൾക്ക് സാമ്പത്തിക സഹായങ്ങൾ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് നൽകുന്നത്; | (ബി) | നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മുഖേനയുള്ള സാമ്പത്തിക സഹായം നൽകി വരുന്നു. |

(സി) ഈ സ്കൂളുകൾ എൽ.പി. സ്കൂളുകളായി ഉയർത്തുന്ന വിഷയം സജീവമായി പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

**(സി) & (ഡി)**

മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ/എയ്ഡഡ് സ്കൂളുകൾ നിലവിലില്ല. നിലവിലുള്ള സ്കൂളുകൾ എൽ.പി.സ്കൂളുകളായി ഉയർത്തുന്ന വിഷയം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.